# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3043 18-10-2016-ൽ മറുപടിയ്ക്ക്

## ലോട്ടറി ഓഫീസ്

| | ചോദ്യം<br>ശ്രീ. ബി.ഡി.ദേവസ്സി | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ചാലക്കുടിയിൽ താലൂക്ക് ഓഫീസ് പ്രവർത്തനം ആരംഭിച്ച് രണ്ടുവർഷം പിന്നിട്ട സാഹചര്യത്തിൽ, ഇവിടെ പുതുതായി ലോട്ടറി ഓഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ചാലക്കുടിയിൽ പുതുതായി താലൂക്ക് ലോട്ടറി ഓഫീസ് ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ബി) | ഭാഗ്യക്കുറികളുടെ സമ്മാന പദ്ധതികൾ പരിഷ്കരിക്കുന്നതിനും സാധാരണക്കാരായ അപേക്ഷകർക്ക് പുതുതായി ലോട്ടറി ഏജൻസി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | 30/- രൂപ മുഖവിലയുള്ള പൗർണമി, വിൻവിൻ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ സമ്മാനഘടന, സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തി പരിഷ്കരിച്ചിട്ടുണ്ട്.<br>ടി ഭാഗ്യക്കുറികളുടെ പരിഷ്ക്കരിച്ച സമ്മാനഘടനയനുസരിച്ചുള്ള നറുക്കെടുപ്പ് 2016 നവംബർ ആദ്യവാരം മുതൽ നടത്തുന്നതാണ്.<br>18 വയസ് പൂർത്തിയാക്കിയ ഏതൊരു വ്യക്തിക്കും പാൻകാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പ്, ഫോട്ടോ എന്നിവ ഹാജരാക്കി, 300/- രൂപ രജിസ്ട്രേഷൻ ഫീസൊടുക്കി ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്ന് ഭാഗ്യക്കുറി ഏജൻസി എടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.